പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3209 **21.08.2017** -ൽ മറുപടിക്ക്

## വേലുത്തമ്പിദളവാ സ്മാരകത്തിന്റെ നവീകരണം


**ചോദ്യം**

ശ്രീ. ചിറ്റയം ഗോപകുമാർ

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി


| | | | |
|---|---|---|---|
| (എ) | മണ്ണടി വേലുത്തമ്പിദളവാ സ്മാരകത്തിന്റെ നിലവിലുള്ള പരിമിതികൾ ബോധ്യപ്പെട്ടിട്ടുണ്ടോ; | (എ) (ബി) & (സി) | മണ്ണടി വേലുത്തമ്പി ദളവാ മ്യൂസിയത്തിൽ കൂടുതൽ പ്രദർശന വസ്തുക്കൾ ഉൾപ്പെടുത്തി മനോഹരവും, ആധുനികവുമായ രീതിയിൽ മാറ്റി കുട്ടികളേയും പൊതു ജനങ്ങളേയും ആകർഷിക്കുന്ന തരത്തിൽ സജ്ജീകരിച്ചു വരുന്നു.കൂടാതെ മ്യൂസിയത്തിൽ എത്തുന്ന വിദ്യാർത്ഥികൾക്കും ഗവേഷകർക്കും കൂടുതൽ പഠന സൗകര്യം ഏർപ്പെടുത്തുന്നതിനായി ആധുനിക രീതിയിലുള്ള ഒരു ലൈബ്രറിയും സജ്ജീകരിക്കുന്നുണ്ട്. |
| (ബി) | സ്മാരക സമുച്ചയത്തിലുള്ള മ്യൂസിയത്തിന്റെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | | |
| (സി) | പ്രസ്തുത സ്മാരക സമുച്ചയ വികസനം സമയബന്ധിതമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | | |
| (ഡി) | വേലുത്തമ്പിദളവയുടെ ഉടവാൾ മണ്ണടി മ്യൂസിയത്തിൽ എത്തിക്കുന്നതിന് വേണ്ട നടപടിയെടുക്കുമോ? | (ഡി) | ന്യൂഡൽഹി നാഷണൽ മ്യൂസിയത്തിൽ സൂക്ഷിച്ചിരുന്നതും നിലവിൽ തിരുവനന്തപുരം നേപ്പിയർ മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുള്ളതുമായ വേലുത്തമ്പി ദളവയുടെ ഉടവാൾ മണ്ണടി മ്യൂസിയത്തിലേക്കു മാറ്റുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**